# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2399**

09.03.2018-ലെ മറുപടി

### ജല അതോറിറ്റിയുടെ കുപ്പിവെള്ളപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) കുപ്പിവെള്ള പദ്ധതി നിർമ്മാണം അവസാനഘട്ടത്തിലാണ് സിവിൾ ജോലികൾ 96% പൂർത്തിയായി. മഴവെള്ള സംഭരണി. ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയാണ് സിവിൽ ജോലികൾ ബാക്കിയുള്ളത്. ഇലക്ട്രിക്കൽ ജോലികൾ 65% പൂർത്തികരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ പ്ലാന്റിലെ യന്ത്ര സാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തികൾ, ലൈറ്റ്. ഫാൻ, എ.സി മുതലായവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധീകരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച് ലേബൽ ഒട്ടിച്ച് പാക്കറ്റിന് ഉള്ളിലാക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ 23.2.2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഈ പദ്ധതിക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല. കുപ്പി നിർമ്മിച്ച് അതിൽ ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ചതിനുശേഷം മാത്രമേ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ അനുമതിയ്ക്കായി അപേക്ഷിക്കാൻ സാധിക്കുക യുള്ളൂ. ഇതിനു വേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ കുപ്പിവെള്ള കമ്പനികളെ നിയന്ത്രിക്കുന്നതിനും ആയതിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ഉപയോഗിക്കാവുന്ന ഭൂജലത്തിന്റെ അളവ് തിട്ടപ്പെടുത്തി എൻ.ഒ.സി നൽകി വരുന്നു. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്, ഭക്ഷ്യ സുരക്ഷ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ ജലത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്. |
| (ഡി) | കുപ്പിവെള്ള കമ്പനികളുടെ അമിത ജല ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ? | (ഡി) | ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ആറു മാസത്തിലൊരിക്കൽ കുപ്പിവെള്ള കമ്പനികളിൽ പരിശോധന നടത്തി ഭൂജല ഉപഭോഗം വിലയിരുത്താറുണ്ട്. എന്നാൽ വകുപ്പ് എൻ.ഒ.സി നൽകിയ കമ്പനികൾ അമിതായി ജലചൂഷണം നടത്തുന്നു എന്ന പരാതികൾ ലഭിച്ചാൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂജല വകുപ്പ് നിരാക്ഷേപ പത്രം നൽകിയ കമ്പനികളിൽ ഭൂജല പരിപോഷണ സംവിധാനവും ഫ്ലോമീറ്ററും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന വകുപ്പിന്റെ എൻ.ഒ.സി-യുടെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ വർഷവും ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളൂ എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഭൂജല വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

Reeb

സെക്ഷൻ ഓഫീസർ